02/03/23


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471 2330920
Email:- sic.ker@nic.in


ഹർജി നമ്പർ **AP.No.2597(5)/17/SIC**

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

**File No. 12131SIC-G7/2017**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
**ഉത്തരവ് തീയതി : 20.02.2023**

**ശ്രീ. സോമനാഥൻ പിള്ള. കെ. എൻ,**
**കൊച്ചുനാലെത്തു വീട്,**
**ചെന്നിത്തല പി.ഒ,**
**മാവേലിക്കര – 690 105.** — **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാറുടെ (ജനറൽ) ഓഫീസ്,**
**സഹകരണസംഘം, മാവേലിക്കര – 690 101.**

**അപ്പീൽ അധികാരി,**
**സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,**
**ആലപ്പുഴ.** — **എതിർകക്ഷികൾ**

## ഉത്തരവ്

1. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു സഹകരണ ബാങ്കിന്റെ തഴക്കര ശാഖയിൽ, മാന്നാർ നായർ സമാജം ട്രസ്റ്റിന്റെയോ സ്കൂളുകളുടേയോ അതിലെ ഔദ്യോഗിക ഭാരവാഹികളുടേയോ പേരിൽ ഇടപാടുകളോ നിക്ഷേപങ്ങളോ നിലവിലുണ്ടോ, 2016-17 സാമ്പത്തിക വർഷം വലിയ തുകകൾ നിക്ഷേപിച്ചിട്ടുണ്ടോ, എന്നിങ്ങനെയുള്ള വിവരങ്ങളാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്.
2. സഹകരണ സംഘങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്ന് കാണിച്ച് വിവരം നിക്ഷേധിക്കുകയും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും അപ്പീലിൻമേലും വിവരം ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽ ഹിയറിൽ സ്വീകരിച്ച് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിക്കുകയും 29.09.2022 തീയതി നടന്ന ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരനും എസ്.പി.ഐ.ഒയും പങ്കെടുത്ത് മൊഴി നൽകുകയുണ്ടായി.

4. പൊതു താല്പര്യമുള്ള വിഷയമായിരുന്നുവെന്നും ബഹു. ഹൈക്കോടതി, വിജിലൻസ് എന്നിവിടങ്ങളിൽ കേസ് നിലനിൽക്കുന്നതു കൊണ്ട് പൊതു നന്മയ്ക്കുവേണ്ടിയാണ് വിവരാവകാശ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും ആയതിന് വിവരം വിവരം നിഷേധി ച്ചുവെന്നും സാമ്പത്തിക ക്രമക്കേടുകളും വൻതോതിൽ അഴിമതിയും ആയതുകൊ ണ്ടാണ് വിവരാവകാശ അപേക്ഷ നൽകിയിട്ടുള്ളതെന്നും ആയതു കൊണ്ട് വിവരം ലഭ്യമാക്കേണ്ട നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിക്കാരൻ മൊഴി നൽകി യിട്ടുള്ളത്.

5. ബാങ്കിനെ സംബന്ധിച്ച വിവരമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും ബാങ്കിൽ നിന്നും വിവരം ലഭിക്കാത്തതിനെ തുടർന്നാണ് വിവരം നിഷേധിച്ചതെന്നും സഹക രണ സംഘങ്ങൾക്ക് വിവരാവകാശ നിയമം ബാധകമല്ലെന്നും നിക്ഷേപകന്റെ വിവര ങ്ങൾ മറ്റൊരാൾക്ക് നൽകാൻ കഴിയുമായിരുന്നില്ല എന്നുമാണ് എസ്.പി.ഐ.ഒ കമ്മീ ഷനെ ബോധിപ്പിച്ചിട്ടുള്ളത്.

6. ബഹു. സുപ്രീംകോടതിയുടെ സിവിൽ അപ്പീൽ നമ്പർ 9017/2013 നമ്പർ കേസിലെ (Thalappalam Service Co –Operative Bank & others Vs State of Kerala & others) വിധി പ്രകാരമാണ് അപ്പീൽ ഹർജിക്കാരന് വിവരം നിഷേധിച്ചിട്ടുള്ളത്. ബഹു. സുപ്രീംകോടതിയുടെ സിവിൽ അപ്പീൽ നം. 9017/2013 നമ്പർ കേസിലെ (Thalappalam Service Co –Operative Bank & others Vs State of Kerala & others) വിധി പ്രകാരം കേരള കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കോ - ഓപ്പറേറ്റീവ് സൊസൈറ്റികൾ വിവരാവകാശ നിയമത്തിലെ 2 (എച്ച്) വകുപ്പിൻ കീഴിൽ വരുന്ന 'Public Authority' അല്ല. ആയതിനാൽ അവ വിവരാവ കാശ നിയമത്തിന്റെ പരിധിയിൽ വരില്ല. എന്നാൽ സഹകരണസംഘം രജിസ്ട്രാർ ടി നിയമത്തിലെ സെക്ഷൻ 2(എച്ച്) വകുപ്പിൻ കീഴിൽ വരുന്ന ഒരു 'Public Authority' ആണ്. ആയതിനാൽ അപേക്ഷകർക്ക് കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ലഭ്യമാകുന്നതിന് സഹകരണസംഘം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കാവു ന്നതാണെന്നും അതിൽ പരാമർശിക്കുന്നുണ്ട്.

7. മാന്നാർ നായർ സമാജം ട്രസ്റ്റ്/സ്കൂൾ സ്ഥാപനങ്ങൾ സർക്കാർ സഹായം പറ്റുന്നതായതിനാൽ വിവരാവകാശ **നിയമത്തിന്റെ** പരിധിയിൽ വരുന്നതാണെന്നാണ് ഹർജിക്കാരൻ വാദിക്കുന്നത്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഒരു പൊതു താല്പര്യമുള്ള വിഷയമാണെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ബാങ്കിൽ നിന്നും വിവരം ശേഖരിക്കാൻ കഴിയുമെങ്കിൽ ലഭ്യമാക്കി നൽകുവാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

8. ഇപ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ഫെബ്രുവരി **മാസം 20 –ാം തീയതി ഉത്തരവാകുന്നു.**

(ഒപ്പ്)

**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി